Annexure to Submission

Uncorrected/Not for publication
07-10-2025

**അനുബന്ധം**

(1) അളഗപ്പ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടി

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും കോവിഡിനെത്തുടർന്ന് 2020 മാർച്ചിൽ പ്രവർത്തനം നിർത്തിവച്ചതുമായ അളഗപ്പ ടെക്സ്റ്റൈൽസ് സാമ്പത്തിക നഷ്ടത്തിലായതിനാലാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള അളഗപ്പ ടെക്സ്റ്റൈൽസ് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കുക സാധ്യമല്ല. എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തികശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗ്-മായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നുവെന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ

Uncorrected/Not for publication
07-10-2025

അറിയിച്ചിട്ടുണ്ട്. എൻ.ടി.സി.-യുടെ പ്രവർത്തനം നിർത്തിവച്ച കാലയളവിൽ ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് 2024 സെപ്റ്റംബർ വരെ പകുതി ശമ്പളം നൽകിയിരുന്നു. കൂടാതെ 18-05-2020 മുതൽ 30-06-2023 വരെയുള്ള കാലയളവിലെ വേതനത്തിന്റെ ബാക്കി 50% തുക എൻ.ടി.സി.-യിലെ ജീവനക്കാർക്ക് വിതരണം ചെയ്യുകയും, വിരമിച്ച ജീവനക്കാർക്ക് 2024 ജൂലൈ വരെ ഗ്രാറ്റുവിറ്റി നൽകുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. 12 ഏക്കർ സ്ഥലത്ത് മിൽ പ്ലാന്റും, ബാക്കി സ്ഥലത്ത് സ്റ്റാഫ് ക്വാർട്ടേഴ്സും ഉൾപ്പെടെ 48 ഏക്കർ സ്ഥലമാണ് മില്ലിന് ആകെയുള്ളത്. സ്ഥലത്തിന്റെ പൂർണമായ ഉടമസ്ഥത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനാണ്.

(2) പുത്തൻചിറയിലെ മണ്ണിടിച്ചിലിൽ മാറ്റി പാർപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. വി. ആർ. സുനിൽ കുമാർ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം/മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവയെത്തുടർന്ന് മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ജില്ലാടിസ്ഥാനത്തിൽ ജിയോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ, ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ 49 ടീമുകളെ KSDMA 19-08-2019-ലെ G.O (Rt) No. 520/2019/DMD ഉത്തരവുപ്രകാരം നിയോഗിച്ചിരുന്നു. ടീമുകൾക്കും DDMA-കൾക്കുമുള്ള വിശദമായ മാർഗനിർദേശങ്ങളും ടി ഉത്തരവിൽ ഉൾക്കൊള്ളിച്ചിരുന്നു. 2025-ലെ ഓറഞ്ച് ബുക്കിലും ഇത്തരത്തിൽ ശിപാർശ ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഉരുൾപൊട്ടൽ ഭീഷണി, പാറമടകൾ മൂലമുണ്ടാകുന്ന അപകട ഭീഷണി, അപകടാവസ്ഥയിലുള്ള വീടുകൾ തുടങ്ങിയവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റികളിൽനിന്നും സർക്കാരിൽനിന്നും ശിപാർശകൾ ലഭിക്കുമ്പോൾ ജിയോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ, ഹസാഡ് അനലിസ്റ്റ് എന്നിവരടങ്ങിയ ടീമുകളെ നിയോഗിക്കുകയും KSDMA തയ്യാറാക്കിയ ദുരന്ത

അവലോകന ചെക്ക് ലിസ്റ്റ് പ്രകാരം പരിശോധന നടത്തി ചെക്ക് ലിസ്റ്റിലെ ആകെ സ്കോർ 35-ൽ താഴെയാണെങ്കിൽ വിഷയം ഉരുൾപൊട്ടൽ ഉപദേശകസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ആവശ്യമാണെങ്കിൽ കൂടുതൽ വിദഗ്ധ പരിശോധന നടത്തി മാറ്റിപ്പാർപ്പിക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം സർക്കാരിലേക്ക് ശിപാർശ നൽകുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ മാറ്റിപ്പാർപ്പിക്കുന്നതിന് ശിപാർശ ചെയ്യപ്പെടുന്ന കുടുംബങ്ങൾക്ക് സംസ്ഥാനത്ത് എവിടെയും വാസയോഗ്യമായ സ്ഥലം സ്വന്തമായി ഇല്ലെങ്കിൽ വീടോടുകൂടിയ സ്ഥലം വാങ്ങുന്നതിനോ സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനോ SDRF, CMDRF വിഹിതം ചേർത്ത് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ വില്ലേജിൽ ഉൾപ്പെട്ടതും മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശത്തെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 06-06-2022, 24-01-2023, 21-08-2024 എന്നീ തീയതികളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ച ലിസ്റ്റിലുൾപ്പെട്ട 26 കുടുംബങ്ങളിൽ 6 കുടുംബങ്ങൾ വാസയോഗ്യമായ ഭൂമി വാങ്ങിയിട്ടുള്ളതും ആധാര ലക്ഷ്യങ്ങൾ സഹിതം

ധനസഹായം അനുവദിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം വീടും സ്ഥലവും വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുള്ളതും തുക നിയമാനുസൃതം വിതരണം ചെയ്തിട്ടുള്ളതുമാണ്. ശേഷിക്കുന്ന 4 അപേക്ഷകളിൽ 27-09-2025-ലെ സ.ഉ.(സാധാ) 610/2025/DMD, സ.ഉ.(സാധാ) 611/2025/DMD ഉത്തരവുകൾ പ്രകാരം വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഓരോന്നിന് 10 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും തുക മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. അവശേഷിക്കുന്ന 20 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ സ്ഥലം കണ്ടെത്തി രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് അവരുടെ കാര്യത്തിലും നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് ധനസഹായം അനുവദിക്കുന്നതായിരിക്കും.

(3) <u>കിനാലൂരിലെ കൈവശഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്ക്, കിനാലൂർ വില്ലേജ് പനങ്ങാട് ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന ഒരു പ്രധാന ജലസ്രോതസ്സാണ് മഞ്ഞപ്പുഴ. പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഗ്രാമസഭകളിൽ മഞ്ഞപ്പുഴയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും കൈയേറ്റങ്ങൾ കണ്ടെത്തി പുഴയുടെ സുഗമമായ ഒഴുക്ക് തിരിച്ചെത്തിച്ച് വെള്ളപ്പൊക്ക നിവാരണവും ജലസംരക്ഷണവും ഉറപ്പുവരുത്തണമെന്ന ആവശ്യം പരിഗണിച്ച് ഭരണസമിതിയുടെ നിർദേശപ്രകാരം 2018-19 വർഷം റവന്യൂ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുപ്രകാരം "പുഴപുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തൽ" എന്ന പേരിൽ 4,66,920/- രൂപ വകയിരുത്തി S0015/19 നമ്പർ പ്രകാരം ഒരു പ്രോജക്ട് വയ്ക്കുകയുണ്ടായി. എന്നാൽ റവന്യൂ രേഖകൾ ഉപയോഗിച്ച് പുഴ പുറമ്പോക്ക് സർവെ നടത്തിയപ്പോൾ കുറുമ്പൊയിൽ ഭാഗത്ത് നിലവിലെ രണ്ടാം വാർഡിൽപ്പെട്ട 16 ഭൂവുടമകളുടെ കൈവശ ഭൂമിയിലൂടെയാണ് പുഴ മുമ്പ് ഒഴുകിയിരുന്നതെന്നും ആയതിനാൽ ഈ ഭൂമി പുറമ്പോക്കാണെന്ന് സർവെ ടീം നിഗമനത്തിൽ

എത്തുകയുമുണ്ടായി. നിലവിൽ പുഴ മറ്റൊരു പ്രദേശത്തുകൂടി ഒഴുകിപോകുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് പുഴ ഗതിമാറി ഒഴുകിപ്പോയതായിരിക്കാം ഇതിന് കാരണം. നിലവിൽ പുഴ ഒഴുകുന്നത് റവന്യൂ ഭൂമിയിലൂടെയാണ്. വില്ലേജ് സർവെ റെക്കോർഡുകൾ പ്രകാരം പുഴയായുള്ള ഭാഗങ്ങളിൽ നിലവിൽ വീടുകളും സ്വകാര്യ ഭൂമിയും ഉള്ളതും മുമ്പ് സ്വകാര്യ ഭൂമിയായിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ പുഴ ഒഴുകുന്നതുമാണ്. മഞ്ഞപ്പുഴ ഗതി മാറി ഒഴുകിയതിന്റെ ഓർമ്മകൾ നിലവിൽ ജീവിച്ചിരിക്കുന്നവരിൽപോലും ഇല്ല എന്നതിനാൽ അവരുടെ തലമുറകൾക്കും എത്രയോ മുമ്പാണ് പുഴയുടെ ഗതിമാറ്റം നടന്നിട്ടുണ്ടാവുക എന്ന് അനുമാനിക്കാവുന്നതാണ്. ആയതിനാൽ ഇപ്പോൾ പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പിഴവുകൾ അല്ല സ്ഥിതിഗതികൾ ഈ രീതിയിൽ ആക്കി തീർത്തത് എന്നുകാണാൻ സാധിക്കുന്നതാണ്.

പുതിയ സർവെ റിപ്പോർട്ട് പ്രകാരം 2 കുടുംബങ്ങൾക്ക് വീട് നഷ്ടപ്പെടുകയും, മറ്റ് 14 കുടുംബങ്ങൾക്ക് ഭാഗികമായി ഭൂമി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. കിനാലൂർ വില്ലേജ് ഓഫീസിൽ അവരുടെ നികുതി സ്വീകരിക്കുന്നുണ്ടെങ്കിലും പ്രസ്തുത 16 കുടുംബങ്ങൾക്ക്

കൈവശ സർട്ടിഫിക്കറ്റ് ലഭിക്കുകയോ, ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് സാധിക്കുകയോ ചെയ്യുന്നില്ല എന്നത് വസ്തുതയാണ്.

കൂടാതെ, പുഴ ഗതിമാറി എന്ന് തിട്ടപ്പെടുത്തിയതായ പരാതിക്കടിസ്ഥാനമായ ഭാഗത്ത് ഏകദേശം 20 മുതൽ 30 വർഷം വരെ പഴക്കമുള്ള വീടുകളും, 40-50 വർഷത്തോളം പഴക്കമുള്ള മരങ്ങളും കാണുന്നതും, വില്ലേജ് രേഖകൾ പ്രകാരം നിലവിലെ കൈവശഭൂമി പുഴ പുറമ്പോക്ക് ആയി കാണുന്നതിനാൽ കൈവശക്കാർക്ക് ഭൂമി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ കൊടുക്കുന്നതിന് സാധിക്കാത്തതുമാണ്. ഗതി മാറി ഒഴുകിയതായി കണക്കാക്കുന്ന പുഴ ഭാഗത്ത് താമസിക്കുന്നവരുടെയും, ഭൂമി കൈവശം വയ്ക്കുന്നവരുടെയും കൈവശം തിട്ടപ്പെടുത്തുന്നതിനും കാന്തലാട്, കിനാലൂർ, പനങ്ങാട് എന്നീ വില്ലേജ് പരിധിയിലെ നിലവിലെ പുറമ്പോക്ക് ഭൂമിയും കൈവശഭൂമിയും സർവെ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ സർവെ ടീമിനെ നിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർവെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിയശേഷം ജില്ലാ കളക്ടർ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നമുറയ്ക്ക് മഞ്ഞപ്പുഴ ഗതി മാറി ഒഴുകിയതുമൂലം നിലവിൽ പുഴ ഇല്ലാത്ത പ്രദേശത്ത് പുഴ പുറമ്പോക്ക് എന്ന്

രേഖപ്പെടുത്തിയിട്ടുള്ളത് നിലവിലുള്ള ഭൂസ്ഥിതിയുടെ അടിസ്ഥാനത്തിൽ നാളതീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുവഴി പ്രസ്തുത പ്രദേശത്ത് വീട് വച്ച് താമസിക്കുന്ന അർഹരായവർക്ക് പട്ടയവും കൈവശരേഖകളും ലഭ്യമാക്കുന്ന വിഷയം പരിഹരിക്കുന്നതാണ്.

(4) സ്കൂൾ ഏകീകരണവുമായി ബന്ധപ്പെട്ട് പി.ഇ.ഒ തസ്തികയിൽ നിയമനം സംബന്ധിച്ച് ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടി

വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാവശങ്ങളും സമഗ്രമായി പരിശോധിച്ച് സ്കൂൾ വിദ്യാഭ്യാസ രംഗത്തെ വിവിധ പ്രശ്നങ്ങൾ പഠിച്ച് സമഗ്ര ഗുണമേന്മക്കുവേണ്ടിയുള്ള നിർദേശങ്ങളും ശിപാർശകളും സമർപ്പിക്കുന്നതിനായി 2017-ൽ സർക്കാർ നിയോഗിച്ച, പ്രൊഫ. എം. എ. ഖാദർ അധ്യക്ഷനായ 3 അംഗ വിദഗ്ധ സമിതി, ഇതുസംബന്ധിച്ച

റിപ്പോർട്ടിന്റെ ഒന്ന്, രണ്ട് ഭാഗങ്ങൾ യഥാക്രമം 2019 ജനുവരി, 2022 സെപ്റ്റംബർ മാസങ്ങളിൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും റിപ്പോർട്ടിലെ ചില ശിപാർശകൾ നടപ്പാക്കുകയും മറ്റുള്ള ശിപാർശകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. സമിതിയുടെ ശിപാർശകൾ പ്രകാരമുള്ള ഏകീകൃത സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത ഏകീകൃത സ്പെഷ്യൽ റൂൾസിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ അക്കാദമിക-ഭരണ നിർവഹണത്തിനായി നിർദേശിച്ചിട്ടുള്ള പുതിയ തസ്തികയാണ് പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ. നിലവിൽ പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസറായി പ്രൈമറി H.M വർത്തിക്കുന്നതിനാൽ ഇത് സ്കൂളിന്റെ അക്കാദമിക പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. നിലവിൽ എല്ലാ പഞ്ചായത്തിലും ജോലി ചെയ്തുവരുന്ന ക്ലസ്റ്റർ കോർഡിനേറ്റർമാരുടെയും പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസറെ സഹായിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള അധ്യാപകരുടെയും ശമ്പളം സർക്കാർ

വഹിച്ചുവരുന്നതിനാൽ ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ 941 പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ (P.E.O) തസ്തിക അനുവദിക്കാനാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. പ്രൈമറി/ലോവർ പ്രൈമറി സ്കൂൾ H.M മാരുടെ പ്രൊമോഷൻ തസ്തികയാണിത്. AEO-യുടെ ശമ്പള സ്കെയിലാണ് നിർദേശിക്കപ്പെട്ടിരിക്കുന്നത്.

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ടി റിപ്പോർട്ടിലെ ശിപാർശകൾ അന്തിമപ്പെടുത്തുന്ന സാഹചര്യത്തിൽ മാത്രമെ, ഈ വിഷയത്തിൽ അന്തിമ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(5) <u>കിഴക്കേകോട്ട-കിള്ളിപ്പാലം റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ്, ആര്യശാല റോഡുകളുടെ വികസനം സംബന്ധിച്ച് ശ്രീ. ആന്റണി രാജു എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

തിരുവനന്തപുരം കോർപ്പറേഷനും കേരളത്തിനാകെയും മാതൃകയാകുന്ന തരത്തിൽ നിശ്ചയിച്ച സ്മാർട്ട് സിറ്റി റോഡുകളുടെ പദ്ധതി പൂർത്തീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിനും KRFB-ക്കും കഴിഞ്ഞുവെന്നത് സന്തോഷകരമാണ്. കോർപ്പറേഷന്റെയും വിവിധ വകുപ്പുകളുടെയും ക്രിയാത്മകമായ സഹകരണവും ഏകോപനവുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ആരംഭിച്ച റോഡുകളുടെ പൂർത്തീകരണത്തിന് സഹായിച്ചത്. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളുടെ പട്ടികയിലേക്ക് തലസ്ഥാന റോഡുകളെയും ഉയർത്താനായതിൽ നമുക്കെല്ലാം അഭിമാനിക്കാം. ഇതിന്റെ ഭാഗമായി 28 റോഡുകൾ മികച്ച നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പദ്ധതിയിൽ ചാല മാർക്കറ്റിലെ 3 റോഡുകളായ കിഴക്കേക്കോട്ട-കിള്ളിപ്പാലം റോഡ്, ആര്യശാല റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ് എന്നിവ കൂടി ഉൾപ്പെട്ടിരുന്നു. ചാല മാർക്കറ്റിലെ മൂന്ന് പൊതുമരാമത്ത് റോഡുകളിൽ പ്രധാനമായും ഓടയുടെ പുനർനിർമ്മാണം, വെറ്റ് മിക്സ് ഉപയോഗിച്ച് ആവശ്യമായ ലെവലിൽ ഉയർത്തി ഡി.ബി.എം. & ബി.സി ഉപയോഗിച്ച് റീ-സർഫസിങ്ങും നടപ്പാതയും ഉൾപ്പെടുത്തി നവീകരിക്കാനാണ്

ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചാല മാർക്കറ്റ് പുനരുദ്ധാരണ വിഷയം സംബന്ധിച്ച് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ചാല മാർക്കറ്റിനകത്തുള്ള പത്തോളം കോർപ്പറേഷൻ റോഡുകൾ സ്മാർട്ട് റോഡ് ആയി വികസിപ്പിക്കുന്ന സാഹചര്യത്തിൽ മാർക്കറ്റിലെ പ്രധാനപ്പെട്ട 3 PWD റോഡുകളും അനുയോജ്യമായ വാസ്തുവിദ്യാ സവിശേഷതകളുൾപ്പെടുത്തി സ്മാർട്ട് റോഡായി വികസിപ്പിക്കണമെന്ന് ജനപ്രതിനിധികളും വ്യാപാരികളും അഭിപ്രായപ്പെടുകയുണ്ടായി.

മേൽസാഹചര്യത്തിൽ കിഴക്കേകോട്ട-കിള്ളിപ്പാലം റോഡ്, ആര്യശാല റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ് എന്നിവ വാസ്തുവിദ്യാ സവിശേഷതകളുൾപ്പെടുത്തി സ്മാർട്ട് റോഡ് ആയി വികസിപ്പിക്കുന്നതിന് വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് എസ്റ്റിമേറ്റ് തയ്യാറാക്കി. 31-01-2024-ൽ KRFB ടെൻഡർ ക്ഷണിക്കുകയുണ്ടായി. എന്നാൽ നിലവിൽ ചാല മാർക്കറ്റിൽ നടന്നുകൊണ്ടിരിക്കുന്ന കോർപ്പറേഷൻ റോഡുകളുടെ സ്മാർട്ട് റോഡ് വികസനം പൂർത്തിയാകും മുമ്പ് 3 റോഡുകളുടെയും വികസനം ആരംഭിക്കുവാൻ സാധിക്കില്ലെന്ന സാഹചര്യമുണ്ടായി. ഇതേ തുടർന്ന് 18-07-2024-ൽ യോഗത്തിൽ ഈ മൂന്ന് റോഡുകളും 28 റോഡുകളുടെ

പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപ്രകാരം പുനർനിർമ്മിക്കണമെന്ന അഭിപ്രായം ഉയർന്നു.

അത് ചർച്ച ചെയ്യുവാൻ ജനപ്രതിനിധികളും ചാല മാർക്കറ്റിലെ വിവിധ സംഘടനാ പ്രതിനിധികളുമായി 21-09-2024-ന് ഒരു യോഗം നടത്തുകയുണ്ടായി. ചാല മാർക്കറ്റിലെ മറ്റുറോഡുകളെല്ലാം (കോർപ്പറേഷൻ റോഡുകൾ) സ്മാർട്ട് റോഡ് ആയ സാഹചര്യത്തിൽ ഈ പ്രധാനപ്പെട്ട മൂന്ന് റോഡുകളുംകൂടി സ്മാർട്ട് റോഡാക്കിയാലേ അതുകൊണ്ടുള്ള പ്രയോജനം ലഭിക്കുകയുള്ളൂവെന്നും പ്രസ്തുത യോഗത്തിൽ എല്ലാവരും അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ പദ്ധതിക്കായി സ്മാർട്ട് സിറ്റി അധികതുക അനുവദിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടരുകയാണ്.

(6) <u>അരയിടത്തുപാലം-മെഡിക്കൽ കോളേജ് റോഡ് വികസനം സംബന്ധിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കോഴിക്കോട് നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ മെഡിക്കൽ കോളേജ്-കാരന്തൂർ ജങ്ഷൻ റോഡ് നവീകരണത്തിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 205 കോടി രൂപയുടെ സാമ്പത്തികാനുമതി

ലഭ്യമാക്കിയിരുന്നു. പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർനടപടികൾ വേഗത്തിലാക്കാനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടമായ മാവൂർ റോഡ് ജങ്ഷൻ മുതൽ മെഡിക്കൽ കോളേജ് ജങ്ഷൻ വരെ 6 വരിയാക്കുന്ന പ്രവൃത്തിക്ക് കിഫ്ബി അനുമതി ലഭിക്കേണ്ടതുണ്ട്.

കോഴിക്കോട് നഗരത്തിലെ വളരെ പ്രധാനപ്പെട്ട റോഡുകളിലൊന്നായ മാവൂർ-മെഡിക്കൽ കോളേജ് റോഡിൽ എൻ.എച്ച്-66 ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി വാഹന സാന്ദ്രത വർധിച്ചിട്ടുണ്ട്. മലപ്പുറം, കണ്ണൂർ ഭാഗങ്ങളിൽ നിന്നായി കോഴിക്കോട് ടൗണിലേക്ക് വന്നിരുന്ന ഭൂരിഭാഗം വാഹനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ, കോഴിക്കോട് ടൗണിലേക്കും പുറത്തേക്കും പോകുന്ന വാഹനങ്ങൾ തൊണ്ടയാട് ജങ്ഷനിലും കോഴിക്കോട് ടൗണിനും ഇടയിലുള്ള മാവൂർ റോഡ് ഉപയോഗിച്ചാണ് ഗതാഗതം നടത്തുന്നത്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് പൊലീസുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

Annexure to Submission

Uncorrected/Not for publication
07-10-2025

* * * * * *